LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ലഭ്യമായ തുക

17 (1413) ശ്രീ. എ. എ. അസീസ്:

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ വർഷവും കേന്ദ്രത്തിൽനിന്ന് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി എത്ര തുക വീതമാണ് ലഭ്യമായിട്ടുള്ളത്;

(ബി) ഈ വർഷം നാളിതുവരെ ഈ ഇനത്തിൽ എത്ര തുക ലഭ്യമായി ;

(സി) കേന്ദ്രത്തിൽ പുതിയ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തിന് ഈ ഇനത്തിൽ നൽകിയ തുകയിൽ കുറവ് വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ നാളിതുവരെ കേന്ദ്ര വിഹിതമായി 158758.02 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 4000 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 162758.02 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്.

(സി) കേന്ദ്രത്തിൽ പുതിയ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തിന് തൊഴിലുറപ്പ് പദ്ധതിയിൽ ആവശ്യാധിഷ്ഠിതമായി തുക ലഭ്യമാക്കുന്ന കാര്യത്തിൽ കുറവ് സംഭവിച്ചിട്ടില്ല.

ചാലക്കുടി മണ്ഡലത്തിലെ ആർ.ഐ.ഡി.എഫ്. റോഡുകൾ

18 (1414) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസി, നബാർഡിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള ആർ.ഐ.ഡി.എഫ്. റോഡ് പ്രോജക്ടുകളിൽ ഉൾപ്പെട്ട ചാലക്കുടി മണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ നവീകരണത്തിനാണ് സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതെന്നും നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.